ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്തായാലും ആവശ്യം ബോദ്ധ്യപ്പെട്ടതിനുശേഷമായിരിക്കും തീരുമാനം എടുക്കുന്നതെന്നുള്ളതിനു സംശയമില്ല. മിക്കവാറും എല്ലാ താലൂക്കു ആശുപത്രികളിലും കൂടെ ബഡ്ഡുകൾ വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടു്. ആവശ്യമനുസരിച്ചു് പ്രയോറിട്ടി നിശ്ചയിച്ചു കൂടെ ആശുപത്രികളുടെ പണി നടത്തിവരികയാണു്.

ശ്രീ. ആർ. സുഗതൻ : ഹരിപ്പാട്ടു ആശുപത്രി വിപുലീകരിക്കുന്നതിനു് നാലുകൊല്ലം മുൻപു് സ്ഥലം അക്വയർചെയ്തതാണു്. അതിന്റെ പണി പൂർത്തിയാക്കാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു പ്രത്യേകം ചോദിക്കണം.

പോലീസ് വെരിഫിക്കേഷൻ

* 14. [11] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്കു് സർവ്വീസ്കമ്മീഷൻ ശുപാർശയനുസരിച്ചു് സക്കാർ സർവ്വീസിലേക്കു് നിയമനം നടത്തുന്നതിനുമുമ്പായി ഉദ്യോഗാർത്ഥിയുടെ antecedents അന്വേഷിക്കാറുണ്ടോ ;

(ബി) ഈ അന്വേഷണം നടത്തുന്ന അവസരത്തിൽ ഏതെല്ലാം കാര്യങ്ങളാണു് അന്വേഷിക്കുന്നതു് ;

(സി) ഏതെങ്കിലും ഉദ്യോഗാർത്ഥിയെക്കുറിച്ചു് ആരെങ്കിലും തെറ്റായ വിവരം റിപ്പോർട്ട ചെയ്യുന്നതിന്റെ ഫലമായി പി. എസ്. സി. യുടെ advice റദ്ദു് ചെയ്യപ്പെടുമ്പോൾ അതു തിരുത്തുവാനുള്ള നടപടികളും ഏതെല്ലാമാണു് ;

(ഡി) സർവ്വീസിൽ ഇരിക്കുന്നവർതന്നെ ഏതെങ്കിലും പുതിയ തസ്തികയിലേക്കു് പി. എസ്. സി. വഴി അപേക്ഷിക്കുകയും സെലക്ഷൻ കിട്ടുകയും ചെയ്താൽ അവരുടെ കാര്യത്തിൽ വീണ്ടും വെരിഫിക്കേഷൻ ആവശ്യമുണ്ടോ;

(ഈ) പോലീസ് വെരിഫിക്കേഷൻമൂലം 1960 മുതൽ 1963 വരെയുള്ള കാലഘട്ടത്തിൽ പി. എസ്. സി. യുടെ സെലക്ഷൻ ക്യാൻസൽ ചെയ്യിട്ടുള്ളവരുടെ സംഖ്യ എത്ര ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) ഉണ്ടു്.

(ബി) ഉദ്യോഗാർത്ഥികളുടെ സ്വഭാവവും, പൂർവ്വകാലപ്രവർത്തനങ്ങളും, നിർദ്ദിഷ്ടസ്ഥാനങ്ങളിൽ നിയമിക്കപ്പെടാൻ അവരെ യോഗ്യരാക്കുന്ന തരത്തിലാണോ എന്നും അന്വേഷിക്കുന്നുണ്ടു്.

(സി) ഇത്തരം സംഭവങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നാൽ ഉടനെ തക്കതായ നടപടികളും കൈക്കൊള്ളുന്നതാണു്.

(ഡി) ഉണ്ടു്.

(ഈ) പൊതുതാൽപര്യത്തെ മുൻനിറുത്തി ഈ വിവരം വെളിപ്പെടുത്താൻ നിവ്വാഹമില്ല.

ശ്രീ. പി. ആർ. കൃഷ്ണൻ : പോലീസ് വെരിഫിക്കേഷനുശേഷം സർവ്വീസിലിരിക്കുന്നവരെ മറ്റേതെങ്കിലും ഉദ്യോഗത്തിൽ നിയമിക്കുമ്പോൾ വീണ്ടും പോലീസ് വെരിഫിക്കേഷൻ നടത്താറുണ്ടോ? അതിന്റെ ആവശ്യമെന്താണു്?

ശ്രീ. പി. ടി. ചാക്കോ : ആദ്യം ഉണ്ടായ ചട്ടം അനുസരിച്ചു് അങ്ങനെ അന്വേഷിച്ചിരുന്നു. അതിൽ ഭേദഗതിവരുത്തി; ഒരു തവണ വെരിഫിക്കേഷൻകഴിഞ്ഞു് നിയമിക്കപ്പെട്ട ഒരാൾ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ വീണ്ടും നിയമിക്കപ്പെട്ടാൽ പിന്നെ പോലീസ് വെരിഫിക്കേഷൻ ആവശ്യമില്ലെന്നു വ്യവസ്ഥചെയ്യിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : തെറ്റായ രീതിയിൽ റിപ്പോർട്ടുകൾ അയപ്പിച്ചു, തൽപരകക്ഷികളുടെ ആവശ്യം അനുസരിച്ചു, കള്ളിച്ചുക്കുട്ടി ശ്രമം നടത്തി റിപ്പോർട്ടുകൾ അയപ്പിച്ചു അർഹതയുള്ള ഉദ്യോഗങ്ങൾ കിട്ടാതായാൽ അതിന്മേൽ പരമാവധി തീരുമാനം എടുക്കുന്നതു് ആരാണു് ? അങ്ങനെ തീരുമാനം എടുക്കുന്നതിനുമുൻപു് എന്തെല്ലാമാണു പരിശോധിക്കുക? എന്തെല്ലാം തെളിവെടുക്കും? ആരെങ്കിലും കള്ളറിപ്പോർട്ടു് അയച്ചതിന്റെ ഫലമായി ജോലിനഷ്ടപ്പെട്ട നിർഭാഗ്യവാനായ സങ്കടകക്ഷിയോടു് നേരിട്ടു് എന്തെങ്കിലും അന്വേഷണം നടത്താറുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ : വെരിഫിക്കേഷനിൽ ഉദ്യോഗത്തിനു് അർഹതയില്ലെന്നുള്ള റിപ്പോർട്ടുകൾ ഒക്കെ, കുറഞ്ഞതു് സക്കിൾ ഇൻസ്പെക്ടർ അന്വേഷിക്കും. ആ അന്വേഷണത്തിന്റെ ഉത്തരവാദിത്വം വ്യക്തിപരമായി ആ ഉദ്യോഗസ്ഥൻ ഏൽക്കണം എന്നു വ്യവസ്ഥയുണ്ടു്. ആ അന്വേഷണ റിപ്പോർട്ടു് ഗവണ്മെന്റു് പരിശോധിച്ചിട്ടു് അവസാന ഉത്തരവു പാസ്സാക്കും. വീണ്ടും പരാതി ഉണ്ടായാൽ, പരിശോധന ശരിയായ രീതിയിൽ നടന്നില്ല എന്നു പരാതി ഉണ്ടായാൽ, സക്കിൾ ഇൻസ്പെക്ടരെക്കൊണ്ടു അന്വേഷണം നടത്തിക്കും. അതനുസരിച്ചു് മുൻ അന്വേഷണത്തിൽ വല്ല പൈകല്യവും ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വേണ്ട നടപടി നടത്തും.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഒരു പായിന്റു് ആഫ് ആർഡർ. ഈ ചോദ്യത്തിൽ, (ഡി) വരെയുള്ള വകുപ്പുകൾക്കു മറുപടി പറഞ്ഞിട്ടുണ്ടു്. അതിൽനിന്നു് സ്വാഭാവികമായുണ്ടാവുന്ന, വിശദമായി അറിയേണ്ട ഒരു ചോദ്യത്തിനു്—1960 മുതൽ 1963 വരെയുള്ള കാലഘട്ടത്തിൽ പോലീസു് വെരിഫിക്കേഷൻമൂലം ജോലിനഷ്ടപ്പെട്ട ആളുകളുടെ സംഖ്യ പറയുന്നതു് പൊതുതാൽപര്യത്തെ മുൻനിറുത്തി സാദ്ധ്യമല്ല എന്നാണു് പറയുന്നതു്. മറ്റു ചോദ്യങ്ങൾക്കു് ഇന്നിന്ന കാരണങ്ങളാൽ അതു സംഭവിച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ആ ദുഷ്പ്രവൃത്തിയുടെ ഫലമായി എത്രപേർക്കു് ജോലി നഷ്ടപ്പെട്ടു എന്ന കണക്കു ചോദിച്ചപ്പോൾ, 'പൊതുതാല്പര്യ'ത്തിന്റെ പേരിൽ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതു ശരിയാണോ ? (ഡി) വരെയുള്ള വകുപ്പുകൾക്കു ഉത്തരം പറഞ്ഞപ്പോൾ പൊതുതാൽപര്യമൊന്നും ബാധകമായിവന്നില്ല. ആ ദുഷ്പ്രവൃത്തികളുടെ ഫലം അക്കത്തിൽ പറയാൻ ആവശ്യപ്പെട്ടപ്പോൾ അതു പറയാതിരിക്കുന്നതു് ശരിയാണോ ? ഇതിൽ പൊതുതാൽപര്യമല്ല, ചെയ്തുപോയ ദുഷ്ടതയും, മനുഷ്യദ്രോഹവും മൂടിവയ്ക്കാനുള്ള ശ്രമമാണു് കാണുന്നതു്, എത്രയോ ആളുകളുടെ തൊഴിൽ നശിപ്പിച്ചതിനു കാരണം ചോദിക്കുമ്പോൾ അതിനു ശരിയായി മറുപടി പറയാൻ അങ്ങു നിർദ്ദേശിക്കണം. അല്ലെങ്കിൽ നിയമസഭയിൽ ഞങ്ങൾ ചോദ്യം ചോദിക്കുന്നതിനു് അർത്ഥമില്ലെന്നുവരും.

ശ്രീ. എ. എ. റഹിം: ഇതു് പായിന്റു് ആഫ് ആർഡറാണോ ?

ശ്രീ. ഈ. പി. ഗോപാലൻ: ഈമാതിരി കാര്യങ്ങൾക്കു് മറുപടിതരുന്നതിനെസംബന്ധിച്ചു് അങ്ങു ഒരു റൂളിംഗ് തരണം.

ശ്രീ. എം. നാരായണക്കുറുപ്പു്: ഒരു ചോദ്യത്തിന്റെ ഏതെങ്കിലും ഭാഗത്തിനു് ഉത്തരം തരുന്നതു് പൊതുതാൽപര്യത്തിനു ഹാനികരമാണോ അല്ലയോ എന്നു് നിശ്ചയിക്കേണ്ടതു് മറുപടി തരുന്ന ആളാണു്. അതിനു് വേറേ ഡിവിഷന്റെ ആവശ്യമില്ല.

WRITTEN ANSWERS

ചികിൽസാസൗകര്യങ്ങൾ

* 15. [16] ശ്രീ. എൻ. ഈ. ബലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ചികിത്സാസൗകര്യങ്ങൾ തീരെ ലഭിക്കാത്ത പ്രദേശത്തെക്കുറിച്ചു് ഗവണ്മെന്റു് വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly